**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മാലിന്യ സംസ്കരണ മേഖലയിൽ സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുന്ന നിക്ഷേപ പദ്ധതികളുടെ വിശദാംശങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് സംസ്ഥാനതല ഉപദേശക സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.3122 /2017/തസ്വഭവ തിരുവനന്തപുരം, തീയതി:23.09.2017

---

**ഉത്തരവ്**

കേരളത്തിലെ മാലിന്യ പ്രശ്നം സങ്കീർണ്ണമായി തുടരുന്ന സാഹചര്യത്തിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പരിമിതമായ സ്ഥലസൗകര്യങ്ങളുടെ പശ്ചാത്തലത്തിൽ കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ കേന്ദ്രങ്ങൾ സംസ്ഥാനത്തു സ്ഥാപിക്കേണ്ടതുണ്ട്.കേവലം മാലിന്യ സംസ്കരണ പദ്ധതി എന്നതിനേക്കാൾ മാലിന്യ സംസ്കരണ മേഖലയിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന 'നിക്ഷേപ പദ്ധതികൾ ' എന്ന നിലയിൽ ഇതിനെ കാണാവുന്നതാണ്. ഇത്തരത്തിൽ മാലിന്യ സംസ്കരണ മേഖലയിൽ സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുന്ന നിക്ഷേപ പദ്ധതികളുടെ വിശദാംശങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനും തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായും താഴെ പറയുന്ന ഉദ്യോഗസ്ഥർ അംഗങ്ങളായും സംസ്ഥാനതല ഉപദേശക സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ്
2.അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്
3.അഡീഷണൽ ചീഫ് സെക്രട്ടറി,തൊഴിലും നൈപുണ്യവും വകുപ്പ്
4.പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
5.സെക്രട്ടറി,വിവര സാങ്കേതിക വകുപ്പ്
6.മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപറേഷൻ ( കൺവീനർ)

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**കെ.എം എബ്രഹാം**
**ചീഫ് സെക്രട്ടറി**

ഉപദേശക സമിതിയിലെ എല്ലാ അംഗങ്ങൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ